# Malayala Manorama
# 28 August 2018
# Paravoor, Flood, Lost Six Cows

# ‘കാലി’ത്തൊഴുത്തിൽ കാലി മനസ്സുമായി...

**ബേസിലിനു പ്രളയത്തിൽ നഷ്ടമായത് ഉപജീവന മാർഗമായിരുന്ന ആറ് പശുക്കളെ**

പറവൂർ ● തൊഴുത്തു വൃത്തിയാക്കി പശുക്കളെ അഴിച്ചുകെട്ടാൻ പതിവുപോലെ ഇന്നലെയും പുലർച്ചെ മൂന്നിനു ബേസിൽ ഉണർന്നു. രാവിലെ ബേസിലിനെ കാണുമ്പോൾ, മക്കളെപ്പോലെ സ്നേഹിച്ച ആറു പശുക്കളും ഒരുമിച്ച് എഴുന്നേറ്റു നിൽക്കുമായിരുന്നു. ഇന്നലെ ആ കാലിത്തൊഴുത്തിനു മുന്നിൽ മുട്ടുകുത്തി വീണ് ആകാശത്തേക്കു കൈകൾ ഉയർത്തി ബേസിൽ വാവിട്ടു കരഞ്ഞു.

മലവെള്ളം കവർന്നെടുത്ത ആ ആറു പശുക്കളായിരുന്നു ഗോതുരുത്ത് വടക്കേക്കടവ് പുളിക്കത്തറ ബേസിലിന്റെയും കുടുംബത്തിന്റെയും പ്രാണൻ. നാലു പെൺമക്കളുടെ കല്യാണം നടത്തി. ബാങ്കിലെ ലോൺ മുടങ്ങാതെ അടച്ചു. പശുക്കളായിരുന്നു എല്ലാറ്റിനും തുണ.

അവരില്ലാത്ത വേദനയിൽ, ഒഴിഞ്ഞ തൊഴുത്തിലേക്കു നോക്കി മരവിച്ചു നിൽക്കുകയാണ് ഈ കുടുംബം. നാൽപതു കൊല്ലമായി പശു വളർത്തലാണ് വരുമാന മാർഗം. മുൻപു മരപ്പണിക്കാരനായിരുന്നു. നട്ടെല്ലിനു തേയ്മാനം സംഭവിച്ചതോടെ പൂർണ സമയ ക്ഷീരകർഷകനായി. സ്വന്തമായി വാങ്ങിയതും മക്കൾ സമ്മാനിച്ചതുമാണ് ആറു പശുക്കളെ. അരപ്പൊക്കത്തിൽ വെള്ളം എത്തിയശേഷമാണു ബേസിൽ വീട്ടിൽനിന്നു പോകാൻ തയാറായത്. പശുക്കളെ വിട്ടുപോകാൻ മനസ്സുണ്ടായില്ല. ഭാര്യയും മകളും മരുമകനും നിർബന്ധിച്ചു പള്ളിപ്പുറത്തെ ബന്ധുവിന്റെ വീട്ടിലേക്കു കൊണ്ടുപോവും മുൻപു പശുക്കളെ അഴിച്ചിട്ടെങ്കിലും അവയൊന്നും ഓടിപ്പോയില്ല. വെള്ളമിറങ്ങി തിരിച്ചെത്തിയപ്പോൾ രണ്ടു പശുക്കൾ ചത്തു കിടക്കുകയായിരുന്നു. ബാക്കി നാലെണ്ണം പിന്നീടു പല ദിവസങ്ങളിലായി നഷ്ടപ്പെട്ടു.

ദിവസവും 50 ലീറ്റർ പാൽ ലഭിച്ചിരുന്നു. നൂറിലേറെ വീടുകളിലാണു ദിവസവും പാൽ നൽകിയിരുന്നത്. എല്ലാ ചെലവുകളും കഴിഞ്ഞ് ഇരുപത്തയ്യായിരം രൂപയോളം മാസം ലഭിച്ചിരുന്നു. ഈ വരുമാനം കൊണ്ടാണു കുടുംബം കഴിഞ്ഞത്. എല്ലാ പശുക്കൾക്കുമായി മൂന്നര ലക്ഷം രൂപയോളം വിലവരും. ആറു ലക്ഷം രൂപയുടെ കടമുണ്ട് ഇവർക്ക്.

ഏഴു വർഷം മുൻപു ബേസിലിന്റെ വീടു തകർന്നു വീണു. പിന്നീട് ഒരു ഷെഡിലാണു കുടുംബം കഴിഞ്ഞത്. കുറച്ചുനാൾ മുൻപു മൂത്തമകൾ സമീപത്തു വീടുവച്ചു. അവർക്കൊപ്പമാണ് ഇപ്പോൾ താമസം. പാൽ വിറ്റുള്ള വരുമാനം കൊണ്ടു വീടുവയ്ക്കാമെന്നു കരുതിയിരിക്കെയാണ് ഉള്ളതുപോലും കവർന്ന പ്രളയമെത്തിയത്.



പ്രളയം കൊണ്ടുപോയതു മക്കളെപ്പോലെ സ്നേഹിച്ച ആറു പശുക്കളെ. പാലു വിറ്റു ജീവിച്ചിരുന്ന ഗോതുരുത്ത് വടക്കേക്കടവ് പുളിക്കത്തറ വീട്ടിൽ ബേസിൽ കാലിയായ പശുത്തൊഴുത്തിൽനിന്നു കരയാതെന്തു ചെയ്യും. ആറു പശുക്കളെ വളർത്തി ദിവസേന അമ്പതു ലീറ്ററോളം പാൽ വിറ്റാണു ബേസിൽ കുടുംബം പുലർത്തിയിരുന്നത്. പശുക്കളെ പ്രളയം കൊന്നൊടുക്കിയതോടെ ബാക്കിയുള്ളതു ലക്ഷങ്ങളുടെ കടം മാത്രം. ഭാര്യ ആനി സമീപം.

ചിത്രം: ടോണി ഡൊമിനിക് ● മനോരമ